(ബി) എങ്കിൽ പ്രസ്തുത വനഭൂമി ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എന്തൊക്കെ നടപടികളാണ് ഇതുവരെ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സ്ഥലം കയ്യേറിയിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

56 (1097) **"വനങ്ങളിൽനിന്നും ചന്ദനമരം അപ്രത്യക്ഷമായ സംഭവം"**

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 25 നു ശേഷം 2000-ാമാണ്ട് ഫെബ്രുവരി 12 വരെയുള്ള കാലത്ത് വനങ്ങളിൽനിന്നും ചന്ദനമരം മോഷണംപോയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ചന്ദനമരങ്ങൾ മോഷണം പോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലഘട്ടത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസ് പരിസരത്തുനിന്ന് ഒരു ചന്ദനമരം വെട്ടിമാറ്റിയിട്ടുണ്ടോ;

(ഡി) എങ്കിൽ കുറ്റക്കാരെ കണ്ടുപിടിച്ചുവോ;

(ഇ) ഇതുമൂലം തിരുവിതാംകൂർ ദേവസ്വംബോർഡിന് എന്തു നഷ്ടം ഉണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 83 ചന്ദനമരങ്ങൾ മോഷണം പോയിട്ടുണ്ട്.

(സി)-(ഇ) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

57 (1098) **"പോത്തുപ്പാറ ഹരിജൻ കോളനി വൈദ്യുതീകരിക്കാൻ നടപടി"**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ പോത്തുപ്പാറ ഹരിജൻ കോളനി വൈദ്യുതീകരിക്കാൻ അനുമതി ലഭിക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് അപേക്ഷിച്ചതെന്നും അനുമതി ലഭിച്ചോ എന്നുമുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുമതിക്കായി അപേക്ഷിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കോളനി വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) 24.1.2000-ൽ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്നതിന് വീണ്ടും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

58 (1099) ചന്ദനത്തൈല ഫാക്ടറികൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 25-ന് തൊട്ടുമുൻപ് സംസ്ഥാനത്ത് എത്ര ചന്ദന തൈല ഫാക്ടറികൾ ഉണ്ടായിരുന്നു;

(ബി) 2000-മാണ്ടോടുകൂടി ഫെബ്രുവരി 12-നുശേഷം അവയുടെ എണ്ണം എത്രയാണ്;

(സി) 25/1/99 മുതൽ 12/2/2000 വരെ ഇവ പ്രവർത്തിച്ചിരുന്നുവോ;

(ഡി) എങ്കിൽ ഇവയ്ക്കാവശ്യമായ ചന്ദനത്തടി എവിടെനിന്നും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതേപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 24

(ബി) 15

(സി) പ്രവർത്തിച്ചിരുന്നു

(ഡി) സേലം ഗവൺമെന്റ് ഡിപ്പോകളിലും മറയൂർ ഡിപ്പോകളിലും നിന്ന് ചന്ദനം ലേലത്തിൽ എടുത്താണ് ഇവ പ്രവർത്തിച്ചുവരുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഫാക്ടറികളിലെ സ്റ്റോക്ക് പെർമിറ്റ് പരിശോധിച്ചതിൽ അനധികൃതമായി ഒന്നുംതന്നെ കണ്ടിട്ടില്ല.

59 (1100) 'അനധികൃത തടിവെട്ടു കേസ്സുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി'

ശ്രീ. വി.ജെ. പൗലോസ് :

LIBRARY ARCHIVES Kerala Legislative Assembly